II. അടിയന്തിരപ്രമേയം

സ്വാശ്രയ കോളേജുകളിലെ പ്രവേശനവും ഫീസ് പിരിവും

മി. സ്പീക്കർ: പ്രവേശന മാനദണ്ഡവും ഫീസ് നിരക്കും സംബന്ധിച്ച നിയമനിർമ്മാണം നടത്താതിരിക്കുന്നതുമൂലം ജൂലൈ മാസം ഒന്നാം തീയതി തുടങ്ങാൻ നിശ്ചയിച്ചിരുന്ന സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിനുള്ള കൗൺസിലിംഗ് അനിശ്ചിതത്വത്തിലായിരിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ അഡ്മിഷൻ ആരംഭിച്ചിരിക്കെ, ഗവൺമെന്റിന്റെ ഇതു സംബന്ധമായ ഓർഡിനൻസ് രണ്ട് ഘട്ടങ്ങളിലായി ഗവർണ്ണർ നിരാകരിച്ചതിനാലും, സർക്കാർ നിശ്ചയിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ നിർദ്ദേശം മറികടന്ന് മാനേജുമെന്റ് അസോസിയേഷൻ തന്നിഷ്ടപ്രകാരം പരീക്ഷ നടത്തി വിദ്യാർത്ഥി പ്രവേശനത്തിന് ശ്രമിച്ചതിനാലും, സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിലും ഉന്നത വിദ്യാഭ്യാസ മംഗത്താകെയും സംജാതമായിരിക്കുന്ന ആശങ്കകളും ഗുരുതരമായ പ്രതിസന്ധിയും സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, പി. സി. ജോർജ്, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a.m.]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ പ്രവേശന മാനദണ്ഡവും ഫീസ് പിരിവും സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് എല്ലാ നടപടികളും എടുത്തിട്ടുണ്ട്. പതിനൊന്ന് അംഗ ഫുൾ ബഞ്ചിന്റെ വിധിയിൽ ചില മാനദണ്ഡങ്ങൾ പറഞ്ഞു. അതനുസരിച്ച് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ രൂപീകരണവും, രൂപീകരണത്തോടനുബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നടക്കുകയാണ്. ഏതായാലും ഈ പ്രശ്നം വന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാർത്ഥികളുടേയും പൊളിറ്റിക്കൽ ലീഡേഴ്സിന്റേയും, മാനേജുമെന്റിന്റേയും യോഗം വിളിച്ചുകൂട്ടി ഒരു നയരൂപീകരണത്തിന് ആവശ്യമായ നടപടികൾ എടുത്തു. എല്ലാപേരുടേയും അഭിപ്രായം അനുസരിച്ച് ഒരു നിയമനിർമ്മാണംകൊണ്ട് ഇത് ദൂരീകരിക്കാവുന്നതാണെന്നാണ് മനസ്സിലാക്കുന്നത്. അതനുസരിച്ച് ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നു. ഇതിനിടയിൽ നിയമസഭാ സമ്മേളനം ജൂൺ 25-ന് കൂടേണ്ടിവന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ആ ഓർഡിനൻസ് തിരിച്ചയക്കുകയുണ്ടായി. എന്നാൽ ആ ഓർഡിനൻസ് അനുസരിച്ച് ഒരു ബില്ല് ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. ആ ബില്ല് ഇപ്പോൾ സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്. ഒട്ടും താമസിയാതെ ഇക്കാര്യത്തിൽ നടപടിയുണ്ടാകും. ഇന്ന് 11.00 മണിക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ യോഗമുണ്ട്. ആ യോഗത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി എടുക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു സംസ്ഥാനത്തും ഇന്നുവരെ പ്രവേശനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടില്ല. തമിഴ്നാട്ടിൽ നടത്തിയെന്ന് പറയുന്നത് മെഡിക്കൽ കോളേജുകളിലാണ്. അവിടെ അത് മാറ്റി വച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഇത് മാത്രമേ എനിക്ക് പറയാനുള്ളൂ. സഭ നിറുത്തിവച്ച് ഇക്കാര്യങ്ങൾ ചർച്ച ചെയ്യേണ്ട. ഇന്ന് 11.00 മണിക്കുള്ള ബി.എ.സി.-യിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നത്തിന്റെ ഗൗരവം തീരെ ഉൾക്കൊള്ളാത്ത വിധത്തിലുള്ള ഒരു മറുപടിയാണ് ഇവിടെ നൽകിയത്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുരുതരമായ ഒരു പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. കേന്ദ്രീകൃതമായ സീറ്റ് അലോട്ടുമെന്റ് അനിശ്ചിതമായി നീട്ടിവച്ചതോടുകൂടിയാണ് എഞ്ചിനീയറിംഗ് മെഡിക്കൽ വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നത്. പ്രൊഫഷണൽ കോളേജുകളുടെ ഫീസും പ്രവേശന മാനദണ്ഡവും തീരുമാനിക്കുന്നത് സംബന്ധിച്ച അവ്യക്തതയാണ് ഈ കൗൺസിലിംഗ് നീണ്ടുപോകാൻ ഇടയാക്കിയത്. അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം പാലിക്കാൻ ഇക്കൊല്ലം കേരളത്തിന് സാധിക്കാതെ വരും. പ്രവേശന നടപടികൾ നീണ്ടു പോകുന്നതിനാൽ കേരളത്തിലെ കോളേജുകളിൽ പ്രവേശനം കിട്ടാത്ത വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിലെ കോളേജ് പ്രവേശനം ദുഷ്ക്കരമായിത്തീരും. തമിഴ്നാട്ടിൽ ജൂലൈ അഞ്ചിന് കൗൺസിലിംഗ് ആരംഭിക്കും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. കർണ്ണാടകയിൽ ജൂലൈ എട്ടിന് ആരംഭിക്കും. ഇവിടെ ജൂലൈ ഒന്നിന് കൗൺസിലിംഗ് ആരംഭിക്കുമെന്ന് മുൻകൂട്ടി പ്രഖ്യാപിച്ചിരുന്നു. അതാണ് ഇപ്പോൾ നടക്കാതെ വന്നത്. രണ്ട് സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട ഗവർണർ ഇവിടെനിന്നും തയ്യാറാക്കി അയച്ച ഓർഡിനൻസ് തിരിച്ചയയ്ക്കുകയുണ്ടായി. ഇവിടെ ബില്ല് സർക്കുലേറ്റ് ചെയ്തിട്ടുണ്ടെങ്കിലും, എന്ന് ഈ ബില്ല് പാസ്സാക്കുമെന്നത് സംബന്ധിച്ച് യാതൊരു നിശ്ചയവുമില്ല. ബില്ല് നിയമമായാൽത്തന്നെ, അതു കഴിഞ്ഞ് 25 ദിവസം കൂടി കഴിഞ്ഞാലേ പ്രവേശനത്തിനുള്ള കൗൺസിലിംഗ് തുടങ്ങാൻ കഴിയൂ. അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം മെഡിസിന് ജൂലൈ 31-ന് ആദ്യ കൗൺസിലിംഗ് നടപടി പൂർത്തിയാക്കണം. അങ്ങനെ അത് സാധിക്കുമോ? ഫീസ് തീരുമാനിച്ചാൽ തന്നെ കൗൺസിലിന് ബ്രോഷർ തയ്യാറാക്കാൻ മാത്രം ചുരുങ്ങിയത് 10 ദിവസം വേണ്ടിവരും. പിന്നീട് വിദേശത്തും മറ്റുമുള്ള വിദ്യാർത്ഥികൾക്ക് സൗകര്യം നൽകാൻ വിജ്ഞാപനം പുറപ്പെടുവിക്കണം. അതു കഴിഞ്ഞ് 15 ദിവസം കഴിഞ്ഞു മാത്രമേ കൗൺസിലിംഗ് ആരംഭിക്കാൻ സാധിക്കൂ. അങ്ങനെ വരുമ്പോൾ ചുരുങ്ങിയത് 42 ദിവസം വേണം. ബില്ല് പാസ്സാക്കി കഴിഞ്ഞാൽ 42 ദിവസം വേണം. അഖിലേന്ത്യാ പ്രവേശന കൗൺസിലിംഗ് 18-നു തന്നെ ആരംഭിച്ചു കഴിഞ്ഞു. എഞ്ചിനീയറിംഗിനുള്ള അഖിലേന്ത്യാ പ്രവേശനത്തിന്റെ കൗൺസിലിംഗ് മിനിഞ്ഞാന്ന് ആരംഭിച്ചു കഴിഞ്ഞു. സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടാണ് ഇത്തരം ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടായത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശം വന്നിട്ട് കൊല്ലം കുറേയായി. 2002 ഒക്ടോബർ 31-നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുണ്ടായത്. അതിന്റെ പശ്ചാത്തലത്തിൽ ഒരു നിയമ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം നടത്തണം. ഇത് ഞങ്ങൾ അന്നു മുതലേ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയം, രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജെന്നാണ്. ആ നയം കേരളത്തിൽ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പ്രത്യേകമായ ഒരു നിയമനിർമ്മാണം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ എന്ന് നിയമനിർമ്മാണത്തിന്റെ എബിസിഡി അറിയാവുന്ന ഏതൊരാൾക്കും അറിയാൻ സാധിക്കുന്ന കാര്യം മാത്രമായിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് ചെയ്തത് എന്താണ്? ജസ്റ്റിസ് കെ. ടി. തോമസിനെ കമ്മീഷനായി നിയമിച്ചു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന നയം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്ന് വ്യക്തമായിക്കഴിഞ്ഞു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം ഫീസ് ഘടന നിശ്ചയിക്കാൻ സാധിക്കുമായിരുന്നു. അത് അറിഞ്ഞുകൊണ്ട് എന്തിന് ജസ്റ്റിസ് കെ. ടി. തോമസിനെ ഇങ്ങനെയൊരു അന്വേഷണ കമ്മീഷനായി നിയമിച്ചു. ഇതിന്റെ പിന്നിൽ മാനേജുമെന്റും ഗവൺമെന്റും ഒത്തുകളിക്കുകയായിരുന്നു എന്ന കാര്യം വളരെ വ്യക്തമായി. ശക്തമായ പൊതുജനാഭിപ്രായം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഗവൺമെന്റ് തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി ഞങ്ങൾ ഓർഡിനൻസ് പുറപ്പെടുവിക്കാൻ തയ്യാറാണ് എന്ന്. ഓർഡിനൻസ് തയ്യാറാക്കി ഗവർണ്ണർക്ക് അയച്ചപ്പോൾ അതിന് എന്ത് സംഭവിച്ചു? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, മിനിഞ്ഞാന്നയച്ച ഓർഡിനൻസാണ് തിരിച്ചയച്ചതെന്നാണ്. അത് ശരിയല്ല. ഇതിനുമുമ്പ് ബഹുമാനപ്പെട്ട ചതുർവേദി ഗവർണറായിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു ഓർഡിനൻസയച്ചു. ആ ഓർഡിനൻസിൽ ഒരു വ്യവസ്ഥ എഴുതിവച്ചു. ആ ഓർഡിനൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് മന്ത്രിസഭയുടെ ഉപസമിതിക്ക് അധികാരം കൊടുക്കുന്ന ഒരു വ്യവസ്ഥ എഴുതിച്ചേർത്തു. ഏതെങ്കിലും ഒരു ഗവൺമെന്റ് അങ്ങനെയൊരു വ്യവസ്ഥ എഴുതിച്ചേർക്കുമോ? അങ്ങനെ എഴുതിച്ചേർത്ത് ഗവർണ്ണർക്ക് കൊടുക്കുമോ? നിയമസഭയ്ക്ക് മുകളിലാണോ ഉപസമിതി? ഒരു ഓർഡിനൻസ് പോലും തയ്യാറാക്കാൻ കഴിയാത്ത ഒരു മന്ത്രിസഭയാണ് ഈ സംസ്ഥാനത്തെ ഗവൺമെന്റ് എന്നുപറഞ്ഞാൽ എത്രമാത്രമാണ് ഈ ഗവൺമെന്റിന്റെ പിടിപ്പുകേട്. ലോകസഭാ തെരഞ്ഞെടുപ്പിന്റെ പരാജയത്തിനുശേഷം ഇതികർത്തവ്യതാമൂഢരായി ഇരിക്കുന്ന ഒരു മന്ത്രിസഭ. അതാണ് ഒരു ഓർഡിനൻസ് പോലും തയ്യാറാക്കുന്നതിൽ ഇത്ര ഗുരുതരമായ വീഴ്ച വന്നിരിക്കുന്നത്. ഗവർണ്ണർ സ്വാഭാവികമായും തിരിച്ചയച്ചു. പിന്നീട് ഇപ്പോഴത്തെ ഗവർണ്ണർ ഭാട്യ വന്നു. ഭാട്യയുടെ മുമ്പിൽ വന്നത് നിയമസഭാ സമ്മേളനം നിശ്ചയിച്ച സമയത്താണ്. നിയമസഭാ സമ്മേളനം നാളെ ചേരുമ്പോൾ ഇന്നലെ ഓർഡിനൻസ് അയച്ചുകൊടുത്താൽ ഏതെങ്കിലും ഗവർണ്ണർ അംഗീകരിക്കുമോ? യഥാർത്ഥത്തിൽ ഭാട്യയെ നിങ്ങൾ ഇങ്ങനെ ചുരുക്കിക്കാണാൻ പാടില്ലായിരുന്നു. അദ്ദേഹം ഉയർന്നു പ്രവർത്തിച്ചു. ഈ നിയമസഭയോടുള്ള ബഹുമാനം അദ്ദേഹം ഉയർത്തിപ്പിടിച്ചു. നിയമസഭാ സമ്മേളനം ചേരാൻ നിശ്ചയിച്ചിരിക്കുന്നതിന്റെ തലേദിവസം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നെങ്കിൽ എത്ര പരിഹാസ്യമാകുമായിരുന്നു. ഗവർണ്ണറിൽ നിന്ന് അങ്ങനെയൊരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം കിട്ടില്ല എന്നറിഞ്ഞുകൊണ്ട് ഈ നിയമസഭാ നടപടികളുടെ അജൻഡ നിശ്ചയിക്കുമ്പോൾ ഇന്ന് ആദ്യത്തെ അജൻഡയായി വയ്ക്കേണ്ടിയിരുന്നത് അതായിരുന്നില്ലേ? ഇപ്പോൾ ജൂലായ് മാസം 27-ാം തീയതി വരെയുള്ള സഭയുടെ അജൻഡ തീരുമാനിച്ചു കഴിഞ്ഞില്ലേ? ഇപ്പോൾ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനിക്കാമെന്ന് പറഞ്ഞതിന്റെ അർത്ഥം ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടായിരുന്നില്ല. ഇത് സഭയ്ക്ക് വിട്തന്നിരിക്കുകയാണ്. സ്പീക്കർക്കും സഭയ്ക്കും വിട്തന്നിരിക്കുകയാണ്, നിങ്ങൾ കൂടി തീരുമാനിക്കൂ എന്ന്. ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വം യഥാസമയം നിർവ്വഹിക്കാതെ വന്നതിന്റെ ഫലമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ആയിരക്കണക്കിന് എഞ്ചിനീയറിംഗ്, മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി ഇന്ന് അനിശ്ചിതത്വത്തിലായി. ഈ സന്ദർഭം കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾ ദുരുപയോഗപ്പെടുത്തുന്നു. ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് അവർ പ്രത്യേക പരീക്ഷ നടത്തി. ജൂലായ് മാസം 13-ാം തീയതി സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രത്യേക പരീക്ഷ നടത്തി. 2,300 വിദ്യാർത്ഥികൾ ആ പരീക്ഷ എഴുതി. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ഈ പരീക്ഷ അംഗീകരിച്ചില്ല. കെ. ടി. തോമസ് പറഞ്ഞു, ഈ പരീക്ഷ നടത്തിയ കോളേജുകളുടെ അഫിലിയേഷൻ വേണമെങ്കിൽ ഗവൺമെന്റിന് റദ്ദാക്കാമെന്ന്. ഞാൻ ആ ശുപാർശ ഗവൺമെന്റിന് കൊടുക്കുന്നില്ല, അത് ഗവൺമെന്റ് തീരുമാനിക്കട്ടെ എന്നു പറഞ്ഞു. അങ്ങനെ ആ പരീക്ഷ നടത്തിയ മാനേജ്മെന്റുകളുടെ അഫിലിയേഷൻ റദ്ദാക്കാൻ കാരണം ചോദിച്ചുകൊണ്ട് ഒരു കത്തെങ്കിലും അയക്കാൻ ശ്രീ. സുപ്പി, നിങ്ങൾക്ക് സാധിച്ചോ? വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കോ മുഖ്യമന്ത്രിക്കോ ഒരു കത്തെങ്കിലും ഈ കോളേജ് മാനേജ്മെന്റിന് അയക്കാൻ സാധിച്ചോ? ഈ ഗവൺമെന്റും മാനേജ്മെന്റും ഒത്തുകളിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഇങ്ങനെ പരീക്ഷ എഴുതി പ്രവേശനം കൊടുക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല അവരെ പരീക്ഷയ്ക്ക് ഇരിക്കാൻ സമ്മതിക്കരുതെന്ന് ജസ്റ്റിസ് കെ. ടി. തോമസ് സർവ്വകലാശാലകൾക്ക് ഒരു നിർദ്ദേശം കൊടുത്തു. എന്നിട്ട് പോലും ഈ ഗവൺമെന്റിന് ഉണർന്ന് പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ മാനേജ്മെന്റ് കോളേജുകൾ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ തുടങ്ങി. അതാണ് ഗൗരവതരമായ വസ്തുത. ഇപ്പോഴത്തെ ബില്ലിനകത്തും ഓർഡിനൻസിനകത്തും 50 ശതമാനം സീറ്റ്. മാനേജ്മെന്റിന് ഇഷ്ടംപോലെ പ്രവേശിപ്പിക്കാമെന്ന് വന്നതോടുകൂടി ഈ 50 ശതമാനം സീറ്റ് അവർക്ക് ഉറപ്പായി കഴിഞ്ഞു. ഈ 50 ശതമാനം സീറ്റിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം മാനേജ്മെന്റ് ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞു. ലേലംവിളി ആരംഭിച്ചു. 25 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ ഇപ്പോഴായി കഴിഞ്ഞു. ഇൻഡ്യാ രാജ്യത്ത് കേരളത്തിലാണ് ഏറ്റവും വില കൂടിയ വിദ്യാഭ്യാസമായി ഇപ്പോൾ മാറ്റിയിരിക്കുന്നത്. പുഷ്പഗിരി കോളേജിന്റെ കാര്യം അങ്ങേക്ക് അറിയാമല്ലോ? 35,000 പേർ പരീക്ഷയെഴുതിയിട്ട് 32,680-ാമത്തെയും 33,728-ാമത്തെയും വിദ്യാർത്ഥികളെ എടുത്ത കഥ നമുക്ക് അറിഞ്ഞുകൂടേ? ഇപ്പോൾ വിദ്യാർത്ഥികൾക്ക് കൂട്ടത്തോൽവിയാണ്. മുഴുവനാളുകളും തോറ്റു.

LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് ടൂ ജസ്റ്റ് പാസ്സായവരെ പ്രവേശിപ്പിച്ച് ഇവർ ഡോക്ടറായി കഴിഞ്ഞാൽ ഉടൻകൊല്ലി ഡോക്ടർമാരെ സൃഷ്ടിക്കുന്ന ഒരു സംസ്ഥാനമായി നമ്മുടെ കേരളം മാറില്ലേ? എന്നിട്ടിപ്പോൾ പറയുന്നു, ഈ വിദ്യാർത്ഥികൾക്ക് മാർക്ക് കുറഞ്ഞു പോയതുകൊണ്ട് യൂണിവേഴ്സിറ്റി ഇടപെട്ട് മാർക്ക് കൂട്ടികൊടുക്കണമെന്ന്. ഇതെവിടെയാണ് നമ്മുടെ കേരളം? ഉന്നതവിദ്യാഭ്യാസ രംഗത്തെ എവിടെയാണ് ഈ ഗവൺമെന്റ് കൊണ്ടുപോകുന്നത്. ഇങ്ങനെ വന്നുകഴിഞ്ഞാൽ നമ്മുടെ സംസ്ഥാന ത്തിന്റെ സ്ഥിതി എന്താകും? ഗവൺമെന്റ് കൊണ്ടുവന്നരിക്കുന്ന ഓർഡിനൻസി ലുള്ള വ്യവസ്ഥയും ഇപ്പോൾ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലിലെ വ്യവസ്ഥയും ദുരുപയോഗിച്ചുകൊണ്ട് മാനേജ്മെന്റ് ഇഷ്ടംപോലെ കോഴ വാങ്ങാൻ തുടങ്ങിയിരിക്കുന്നു. മാനേജ്മെന്റ് വാങ്ങുന്ന ഫീസിന് ഒരു നിശ്ചിത തുക നിശ്ചയിക്കണ്ടേ? ഇത്ര രൂപക്ക് മുകളിൽ വാങ്ങാൻ പാടില്ലെന്ന മാനദണ്ഡം വേണ്ടേ? കൂട്ടിയ ഫീസ് എത്രയാണെന്ന് ആന്ധ്രാ ഗവൺമെന്റ് നിശ്ചയിച്ചു. അവിടെ കോൺഗ്രസ്സ് ഗവൺമെന്റല്ലേ? കർണ്ണാകയിൽ കൂട്ടിയ ഫീസ് എത്രയാണെന്ന് നിശ്ചയിച്ച് നോട്ടിഫിക്കേഷന് പുറപ്പെടുവിച്ചു. അതും കോൺഗ്രസ്സല്ലേ? അതും കോൺഗ്രസ്, ഇതും കോൺഗ്രസ്. ഇത് എന്ത് കോൺഗ്രസ്? അതിനെക്കുറിച്ചൊരു തീരുമാനം വേണ്ടേ? ആന്ധ്രായിൽ 85 ശതമാനം ആണ് മെറിറ്റ് സീറ്റ്. കർണ്ണാടകയിൽ 75 ശതമാനം മെറിറ്റ് സീറ്റ്. കേരളത്തിലോ? 50 ശതമാനം മെറിറ്റ് സീറ്റ് അവർക്കെടുക്കാം. 50 ശതമാനം സീറ്റ് എടുക്കാമെന്ന് വന്നതോടുകൂടി ലേലം വിളി ആരംഭിച്ചു കഴിഞ്ഞു. ഈ ബിൽ പാസ്സാക്കുന്നതിന് യാതൊരു പ്രസക്തിയുമില്ലാതായി കഴിഞ്ഞു. ഈ സ്ഥിതിവിശേഷത്തിന്റെ കാരണം സംസ്ഥാന ഗവൺമെന്റാണ്. ഇവിടെ നിയമ നിർമ്മാണം നടത്തേണ്ടത് എങ്ങനെയാണെന്ന് പോലും അറിയാൻ കഴിയാത്ത ഒരു മന്ത്രിസഭ എന്തിനാണ് നമ്മുടെ സംസ്ഥാനം ഭരിക്കുന്നത്. അതുകൊണ്ട് അടിയ ന്തിരമായ ഈ സാഹചര്യം സംബന്ധിച്ച് ഇന്നത്തെ സ്വീകരിച്ചു കൊണ്ട് ചർച്ച ചെയ്ത് നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ രക്ഷിക്കാൻ ആവശ്യമായ സമീപനം സ്വീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞ കാര്യങ്ങളൊക്കെ വസ്തുതകൾക്ക് നിരക്കാത്തതാണ്. ഏതായാലും മെഡിക്കൽ കൗൺസിലിന്റെ തീരുമാനമനുസരിച്ച് സെപ്റ്റംബർ 30-നാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത്. ആഗസ്റ്റോടെ ക്ലാസ്സ് തുടങ്ങണമെന്നാണ് നിബന്ധന. അതിന് വൈകിയിട്ടില്ല. ഇപ്പോൾ സമയമുണ്ട്. ആ സമയം നമ്മൾ വിനിയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളെ സംബന്ധിച്ചൊന്നും പറയുന്നില്ല.

മി. സ്പീക്കർ: ഈ ബില്ല് ഈ ആഴ്ചയ്ക്കകം പാസ്സാക്കാമെന്നെങ്കിലും പറയണ്ടേ?

ശ്രീ. നാലകത്ത് സൂപ്പി: അത് ആദ്യം പറഞ്ഞു. 11.00 മണിക്ക് ബി.എ.സി. കൂടി സമയം നിശ്ചയിച്ച് പാസ്സാക്കാമെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇത് ഗവൺമെന്റിന്റെ തീരുമാനമായിരുന്നില്ല. അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി എന്നുള്ള നിലയിൽ സ്വീകരിച്ചതായിട്ടാണ് കാണുന്നത്. ആയിരക്കണക്കിന് കുട്ടികളുടെ ഭാവിയാണ്. ഇതിന്റെ ഗൗരവത്തെക്കുറിച്ച് ബഹുമാനപ്പെട്ട കോയിടേരി വിശദമായി സംസാരിച്ചു കഴിഞ്ഞതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞതിനെക്കുറിച്ച് എന്തെങ്കിലും ക്ലാരിറ്റി കുറവുണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹം അത് വ്യക്തമായിട്ടാണ് പറഞ്ഞത്. നമുക്ക് ഇന്നത്തെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബില്ലിന്റെ ചർച്ച നാളെ തന്നെ ആരംഭിക്കാം. ഈ ആഴ്ചയ്ക്കകം ബിൽ പാസ്സാക്കാം. അടിയന്തിരമായിട്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാം.

III. ശ്രദ്ധക്ഷണിക്കൽ

(1) കേരള സോപ്സ് ആന്റ് ഓയിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും സ്റ്റീൽ കോംപ്ലക്സ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ട ആവശ്യകത

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണവും പൊതുമേഖലാ വ്യവസായങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ആവശ്യപ്പെട്ട് ജില്ലയിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും നേതൃത്വത്തിൽ രൂപീകൃതമായ പൊതുമേഖലാ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഇന്നവിടെ കളക്ടറേറ്റ് മാർച്ചും കളക്ടറുടെ ഓഫീസിന് മുമ്പിൽ ധർണ്ണയും നടത്തുകയാണ്. കോഴിക്കോട് ജില്ലയിലെ കേരള സോപ്സ് ആന്റ് ഓയിൽസ് ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. കേരള സോപ്സ് ആന്റ് ഓയിൽസ് 90 വർഷമായി പ്രവർത്തിച്ചു വന്നിരുന്ന ഒരു സ്ഥാപനമാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ദിവസം പോലും ഈ സ്ഥാപനം തുറന്നു പ്രവർത്തിച്ചിട്ടില്ല. ഇപ്പോൾ കേരള സോപ്സ് ആന്റ് ഓയിൽസിൽ 227 തൊഴിലാളികളാണുള്ളത്. മൂന്ന് വർഷമായി തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള ഈ തൊഴിലാളികൾക്ക് യാതൊരു തരത്തിലുമുള്ള സഹായവും ഗവൺമെന്റ് നൽകിയിട്ടില്ല. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ആ സ്ഥാപനത്തിലെ തൊഴിലാളികളോട് ഇപ്രകാരമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഞാനിവിടെ സംസാരിക്കുന്ന കാര്യം പോലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നില്ല. അങ്ങയുടെ ശ്രദ്ധ ഉണ്ടാകണ്ടേ? ഒരു ഗൗരവമായ പ്രശ്നം ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly